കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേപ്പാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി4-408/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി:18.06.2020
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേപ്പാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേപ്പാട് ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, ഭാഗം 2-1, 2-2, 2-3 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി4-408/2020 തീയതി: 18.06.2020

## ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2018 മുതൽ 31.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 28.02.2020 മുതൽ<br>07.03.2020 വരെ | ശ്രീ. ലിജിലാൽ ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി ദീപ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ ഉണ്ണിക്കൃഷ്ണൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(02-03-2020 മുതൽ 07-03-2020 വരെ)<br>ശ്രീ.സുനിൽ. കെ.ബി, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. രാധാ രാമചന്ദ്രൻ | 01.4.2018 മുതൽ 31.3.19വരെ |

**2) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി ബിന്ദു സുരേന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി ബിന്ദു രാജേന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. എം. കെ. ശ്രീനിവാസൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ധനകാര്യം | ശ്രീ. കെ. രഘു | 01.04.2018 മുതൽ 31.03.2019 വരെ |

**2) സെക്രട്ടറി**

| | |
|---|---|
| ശ്രീ. ഉല്ലാസ് കുമാർ.റ്റി | 01.04.2018 മുതൽ 20.06.2018 വരെ |
| ശ്രീമതി നിഷ. എൻ.തയ്യിൽ | 21.06.2018 മുതൽ 31.03.2019 വരെ |

**3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി മായാ ഗോപാലകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. രേഖാ സാഗർ | 01.04.2018 മുതൽ 06.09.2018 വരെ |
| | ഡോ. ഐശ്വര്യ ബാബു | 07.09.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശ്രീദേവി. എൽ | 01.04.2018 മുതൽ 07.07.2018 വരെ |
| | ശ്രീമതി ഫെബിന | 08.07.2018 മുതൽ 14.02.2019 വരെ |
| | ശ്രീമതി സുമ. ബി | 15.02.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. ശ്യാരി പ്രിയ. വി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം). | ഡോ. മനോജ്.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രമ്യ.ഡി.തിലകൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. അപ്പൻ. വി. ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. അഷറഫ് ഖാൻ | 01.04.2018 മുതൽ 16.08.2018 വരെ |
| | ശ്രീ.അൻജിത്ത്. ബി മോഹൻ | 17.08.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഗിരീഷ്. എസ് | 01.04.2018 മുതൽ 05.07.2018 FN വരെ |
| | ശ്രീമതി അമ്പിളി ഭാസ്കരൻ | 05.07.2018 AN മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രാധാകൃഷ്ണൻ നായർ, അസിസ്റ്റന്റ് സെക്രട്ടറി | 01.04.2018 മുതൽ 30.06.2018 വരെ |
| | ശ്രീ. മുരുകേഷ് ബാബു | 01.07.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 5 | 1-4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 6 | 1-5 | ഫണ്ട് വിനിയോഗം. (എസിആർ പ്രകാരം) |
| 7 | 1-6 | പദ്ധതി അവലോകനം. |
| 8 | 1-7 | തൊഴിലുറപ്പ് പദ്ധതി - |
| 9 | 1-8 | ക്ഷേമപദ്ധതികൾ |
| 10 | 1-9 | ക്യാഷ് പരിശോധന |
| 11 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 12 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 13 | 1-12 | വാർഷികകണക്കിലെ അപാകതകൾ. |
| 14 | 1-13 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്യുന്നില്ല |
| 15 | 1-14 | സ്ഥാപനങ്ങളുടെ തൊഴിൽനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് |

| | | |
|---|---|---|
| 16 | 1-15 | നികുതി പരിഷ്കരിച്ചപ്പോൾ അസംബ്ലി ഹാളിനെ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കി |
| 17 | 1-16 | തെറ്റായ നികുതി നിരക്ക് ചുമത്തി-പഞ്ചായത്ത് ഫണ്ടിന് 9210 രൂപയുടെ വാർഷിക നഷ്ടം |
| 18 | 1-17 | സഞ്ചയ ഡേറ്റാ ബേസിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 19 | 1-18 | ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർണ്ണതയിൽ എത്തിയില്ല- |
| 20 | 1-19 | ഒരേ കെട്ടിടത്തിൽ വിവിധ കെട്ടിട നമ്പറുകൾ അനുവദിച്ച് വസ്തുനികുതി ചുമത്തുമ്പോൾ ആകെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തുന്നില്ല- |
| 21 | 1-20 | കുടിശ്ശികയായ തുക കേസിന്റെ തീർപ്പിന് വിധേയമായി ഈടാക്കേണ്ടതാണ് |
| 22 | 1-21 | കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല |
| 23 | 1-22 | ലൈസൻസ് ഫീസ്- മൂലധനനിക്ഷേപത്തിനനുസൃതമായി ഈടാക്കുന്നില്ല |
| 24 | 1-23 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി - കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരികെ ഈടാക്കി |
| 25 | 1-24 | തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ മീറ്റേർഡ് ബില്ലുകൾക്കായി അധിക തുക അടക്കുന്നു |
| 26 | 1-25 | ആസ്തിരജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച |
| 27 | 1-26 | തൊഴിലുറപ്പ് പദ്ധതി - പഞ്ചായത്തിന് കൈമാറികിട്ടാത്ത ആസ്തികളിൽ കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തുന്നു |
| 28 | 1-27 | തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ - ഓഡിറ്റ് കണ്ടെത്തലിനെതുടർന്ന് 11,040/- രൂപ തിരിച്ചടച്ചു |
| 29 | 1-28 | കറവപശുകൾക്ക് കാലിത്തീറ്റ - ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല |
| 30 | 1-29 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രത്തിൽ അപാകത |
| 31 | 1-30 | അഗതി-ആശ്രയ പദ്ധതിക്കായി സി.ഡി.എസ്. അക്കൗണ്ടിലേക്ക് നൽകിയ 3.18 ലക്ഷം രൂപ പത്തു വർഷത്തിനു ശേഷവും ചെലവഴിച്ചിട്ടില്ല |
| 32 | 1-31 | മുൻകൂറായി അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 33 | 1-32 | പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം -അപാകതകൾ |
| 34 | 1-33 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| 35 | 1-34 | ലൈഫ്-ഭവനനിർമ്മാണം-നിർമ്മാണം പൂർത്തിയാക്കിയില്ല |
| 36 | 1-35 | പാലിയേറ്റീവ് കെയർ-5548/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല |
| 37 | 1-36 | വീട് പുനരുദ്ധാരണം - മൂല്യനിർണ്ണയസാക്ഷ്യപത്രമില്ലാതെ ആനുകൂല്യം നൽകി |

| | | |
|---|---|---|
| 38 | 1-37 | അഗതി ആശ്രയ ഭവനനിർമ്മാണം - വസ്തുനികുതി നിർണ്ണയിച്ചതിന്റെ രേഖ ലഭ്യമാക്കിയില്ല |
| ഭാഗം – 2 | | |
| 39 | 2-1 | നികുതി പരിഷ്കരിച്ചപ്പോൾ അസംബ്ലി ഹാളിനെ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കി |
| 40 | 2-2 | തെറ്റായ നികുതി നിരക്ക് ചുമത്തി- പഞ്ചായത്ത് ഫണ്ടിന് 9210 രൂപയുടെ വാർഷിക നികുതി നഷ്ടം |
| 41 | 2-3 | ഒരു കെട്ടിടത്തിൽ വിവിധ കെട്ടിടനമ്പറുകൾ അനുവദിച്ച് നികുതി ചുമത്തുമ്പോൾ അകെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തുന്നില്ല |
| ഭാഗം – 3 | | |
| ഇല്ല | | |
| ഭാഗം – 4 | | |
| 42 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 43 | 4-2 | ഡെപ്പോസിറ്റ്പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 44 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 45 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 46 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 47 | 4-6 | ഓഡിറ്റ് റിക്കവറി |
| 48 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 49 | 4-8 | ചാർജ് സർച്ചാർജ് നടപടികളുടെ വിവരം |
| 50 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 51 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 52 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 53 | അനുബന്ധം.2 | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.18 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. കേരളാപഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 175 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയും വിവിധ മേഖലകളിലെ ഉദ്യോഗസ്ഥരും നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ തയ്യാറാക്കുന്ന വികസന രേഖകൾ കണക്കിലെടുത്ത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ജനവരി പതിനഞ്ചിന് മുൻപ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 18,47,21,347 | 16,19,51,661 |
| വാർഷിക കണക്ക് പ്രകാരം | 8,78,39,612 | 6,83,47,474 |

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31-07-2019 | 08-05-2019 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ.എസ്.എ-എൽപി-പി.4/579/19 തീയതി 27-06-2019 പ്രകാരം വാർഷിക ധനകാര്യ പത്രികാ പരിശോധന റിപ്പോർട്ടും സർട്ടിഫിക്കറ്റും പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്.

### 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,48,04,500 |
| വരവ് | 6,30,35,112 |
| ആകെ | 8,78,39,612 |
| ചെലവ് | 6,83,47,474 |
| നീക്കിയിരിപ്പ് | 1,94,92,138 |

### 1-5 ഫണ്ട് വിനിയോഗം. (എസിആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 13089000 | 13089000 | 13049992 | 39008 |
| എസ്.സി. പി | - | 7419000 | 7419000 | 6246437 | 1172563 |
| ടി.എസ്.പി | - | 162000 | 162000 | 44046 | 117954 |
| സി.എഫ്.സി | - | 6075000 | 6075000 | 6021860 | 53140 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 7379000 | 7379000 | 7379000 | - |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ | - | 2780000 | 2780000 | 2779999 | 1 |

| | | | | | |
|---|---|---|---|---|---|
| റോഡ്) | | | | | |
| എൻ.ആർ. ഇ. ജി. എസ്(ഭരണ ചെലവ്) | 172282.85 | 415632 | 587914.85 | 508373 | 79541.85 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 164 | 80847509 | 72 | 51485916 | 58 | 34 | 43% |

## 1-7 തൊഴിലുറപ്പ് പദ്ധതി -

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 172282.85 | 640632* | 812914.85 | 733373 | 79541.85 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 41834287 | 41834287 | 41834287 | - |

*ഗ്രാന്റ് തുക 4,15,632 രൂപയും ബാക്കി ഗ്രാമപഞ്ചായത്തിൽ നിന്നുള്ള മുൻകൂറും ആണ്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 213840 | 127 |
| കർഷകതൊഴിലാളി പെൻഷൻ | 14782500 | 841 |
| വിധവാപെൻഷൻ | 12500400 | 723 |
| വാർദ്ധക്യകാലപെൻഷൻ | 23451000 | 1389 |
| വികലാംഗപെൻഷൻ | 4269600 | 233 |

| | | |
|---|---|---|
| അവിവാഹിതപെൻഷൻ | 712200 | 43 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 60000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-03-2020 , 3.45 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 920 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് കമ്മിറ്റിയുടെ സുപ്രധാന തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നതായി മിനിട്ട്സിൽ രേഖയില്ല.
2. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത സ്ഥലങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
3. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിവരം ആസ്തിരജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല. പഞ്ചായത്തിന്റെ അധീനതയിൽ അല്ലാത്ത സ്ഥലങ്ങളിൽ നടത്തിയ കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി ഒപ്പിട്ടുവാങ്ങിയ relinquishment ഫോറങ്ങളിൻമേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.
4. പഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനത്തിന്റെ ലോഗ് ബുക്കിൽ ഇന്ധന ഉപഭോഗ സംബന്ധമായുള്ള സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.
5. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതമൂലം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നുണ്ട്.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.01.2020 | 12/2019 | 24.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2017 മുതൽ 05.04.2017 വരെ. | 2011-12 മുതൽ 2015-16 വരെ | 24.05.2017 |

## 1-12 വാർഷികകണക്കിലെ അപാകതകൾ.

കെ.എസ്.എ-എൽപി-ജിഎ.4-579/19, തീയതി 27-06-019 ആയി പുറപ്പെടുവിച്ച വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ടിലെ അപാകതകൾ ഈ റിപ്പോർട്ടിന്റെ ഭാഗമാണ്. കൂടാതെ ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകം ചുവടെ ചേർക്കുന്നു.
സേവന പെൻഷൻ സോഫ്റ്റ്‌വെയർ പ്രകാരം വിതരണം ചെയ്ത പെൻഷൻ തുകകൾ വാർഷിക കണക്കുകളിലെ I-6 പട്ടികയുമായി പൊരുത്തപ്പെടുന്നില്ല.
അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചയത്ത് രാജ് നിയമം വകുപ്പ് 204,205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. പഞ്ചായത്ത് പരിധിയിലെ ചില സ്ഥാപനങ്ങളെയും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെയും തൊഴിൽനികുതി ചുമത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന, പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന ക്ഷീരോത്പാദകസഹകരണ സംഘങ്ങളെയും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തിയില്ല.

| | |
|---|---|
| 1 | മുട്ടം ക്ഷീരോത്പാദകസഹകരണ സംഘം നം.A102(D) APCOS |

| | |
|---|---|
| | |
| 2 | ചേപ്പാട് ക്ഷീരോത്പാദകസഹകരണ സംഘം നം.A107(D) APCOS |
| 3 | വലിയകുഴി ക്ഷീരോത്പാദകസഹകരണ സംഘം നം.A41(D) APCOS |

ബി) പൊതുവിതരണകേന്ദ്രങ്ങളുടെ നടത്തിപ്പിനായി ലൈസൻസ് നേടിയിട്ടുള്ളതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതുമായ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 സ്ഥാപനങ്ങളുടെ തൊഴിൽനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിലെ രേഖകൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ചുമത്തിയിട്ടില്ല. തൊഴിൽ നികുതി ചുമത്തി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു (ഓഡിറ്റ് എൻക്വയറി നം.-10/06-03-2020).

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബി പി സി എൽ | I & II |
| 2 | ഹൈ കെയർ മെഡിക്കൽ സെന്റർ ,മുട്ടം | I & II |
| 3 | ബി.എസ്.എൻ.എൽ | I & II |
| 4 | ഹിന്ദ് ഇറക്ടേഴ്സ് ,ചേപ്പാട് | I & II |
| 5 | HDFC | I |
| 6 | വലിയകുഴി സർവ്വീസ് സഹകരണ ബാങ്ക് | I |
| 7 | അനശ്വര ഓഡിറ്റോറിയം | I & II |
| 8 | ഭുവി ഓഡിറ്റോറിയം | I & II |

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 നികുതി പരിഷ്കരിച്ചപ്പോൾ അസംബ്ലി ഹാളിനെ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കി

സഞ്ചയ ഡേറ്റാബേസിലെ നികുതി പരിഷ്കരണത്തിന്റെ വിവരം ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. ആരാധനാലയങ്ങൾ എന്നനിലക്ക് നികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കപ്പെട്ട 2/126 എന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയ ഫോറം-6 പ്രകാരം "ഓഫീസ്-എസ്.എൻ.ഡി.പി ഹാൾ "എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കെട്ടിടത്തിന്റെ വാർഷിക വാടകമൂല്യം (ARV) അടിസ്ഥാനമാക്കിയിരുന്നപ്പോഴുള്ള വസ്തുനികുതി 87 രൂപയായിരുന്നു. നികുതി ബാധ്യതയുണ്ടായിരുന്ന കെട്ടിടത്തെ *ആരാധനാലയം* എന്നതരത്തിൽ സഞ്ചയ ഡേറ്റാബേസിൽ രേഖപ്പെടുത്തി നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കി. ഇപ്രകാരം നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കിയ സാഹചര്യം വ്യക്തമല്ല. 2013 മുതലാണ് വസ്തുനികുതി പരിഷ്കരിച്ചിരിക്കുന്നത്. കെട്ടിടം "അസംബ്ലിഹാൾ" എന്ന നിലക്ക് നികുതിപരിഷ്കരണം നടത്തേണ്ട സ്ഥാനത്താണ് കെട്ടിടത്തെ ഒഴിവാക്കിയത്. അസംബ്ലി ഹാൾ എന്ന നിലക്കു നികുതി പരിഷ്കരണം നടത്താതിരുന്നതുമൂലമുള്ള

വാർഷിക നികുതി നഷ്ടം 8360/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | സെക്രട്ടറി,എസ്സ്.എൻ.ഡി.പി ശാഖായോഗം, മുട്ടം |
| കെട്ടിട നമ്പർ -പരിഷ്കരണത്തിന് മുൻപ് | 7/293 A |
| കെട്ടിട നമ്പർ -പരിഷ്കരണത്തിന് ശേഷം | 2/126 |
| തറവിസ്തൃതി | 209 ച.മീ |
| മേഖല | പ്രഥമ മേഖല |
| റോഡ് | 5 മീറ്ററിലധികം വിസ്തൃതി |
| കാലപ്പഴക്കം | 12 വർഷം |
| മേൽക്കൂര | ഷീറ്റ് |

| | |
|---|---|
| ചുമത്തേണ്ട നികുതി @ 40/ച.മീ (അസംബ്ലി ഹാൾ) | 209x40=8360<br>വർദ്ധവനവ്- 5 മീറ്ററിലധികം വിസ്തൃതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗം 20 % = 1672<br>ഇളവ്-കുറഞ്ഞമേൽക്കൂര-10% = 836<br>കാലപ്പഴക്കം 12 വർഷം -10% = 836<br>വസ്തുനികുതി-8360<br>ലൈ.സെസ്സ്-418 |

മേൽ അപാകം 07-03-2020 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ- 21) മുഖാന്തിരം സെക്രട്ടറിയെ അറിയിക്കുകയും മറുപടി ലഭ്യമാക്കുകയും ചെയ്തു. മറുപടിയിൽ ടി സഞ്ചയ ഡേറ്റാബേസിലെ തെറ്റ് തിരുത്തി നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അപാകം പരിഹരിച്ച് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-16 തെറ്റായ നികുതി നിരക്ക് ചുമത്തി-പഞ്ചായത്ത് ഫണ്ടിന് 9210 രൂപയുടെ വാർഷിക നഷ്ടം

2011 ലെ കേരള പഞ്ചയത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 40/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/-രൂപയും ആയിനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ താഴെ പറയുന്ന വാണിജ്യാവശ്യകെട്ടിടങ്ങളുടെ വിസ്തൃതി 100 ച.മീറ്ററിന് മുകളിലായിരുന്നിട്ടും 100 ച.മീറ്ററിന് താഴെയുള്ള നിരക്കാണ് ചുമത്തിയത് .ഇത് പഞ്ചായത്ത് ഫണ്ടിന് 9210/- രൂപയുടെ വാർഷിക നഷ്ടമുണ്ടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്<br>കെട്ടിടത്തിന്റെ നമ്പർ-തറവിസ്തൃതി | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി@60/ച.മീ<br>ലൈ.സെസ് | ചുമത്തിയ വസ്തുനികുതി@40/ച.മീ.<br>ലൈ.സെസ് | വ്യത്യാസം |
|---|---|---|---|---|
| 1 | മെറീന മാത്യു, ഏവരേത്ത് കിഴക്കേതിൽ , ഏവൂർ നോർത്ത്, ചേപ്പാട്-<br>11/486<br>250 ച.മീ<br>2014- I | അടിസ്ഥാന വസ്തുനികുതി-15000<br>റോഡ് സൌകര്യം (5 മീറ്ററിന് മുകളിൽ വിസ്തൃതി)-3000<br>വസ്തുനികുതി-18000<br>ലൈ.സെസ്സ്-900 | അടിസ്ഥാന വസ്തുനികുതി-10000<br>റോഡ് സൌകര്യം (5 മീറ്ററിന് മുകളിൽ വിസ്തൃതി)-2000<br>വസ്തുനികുതി-12000<br>ലൈ.സെസ്സ്-600 | വസ്തുനികുതി-6000<br>ലൈ.സെസ്സ്-300 |
| 2* | രാജമ്മ പുതിയവീട്ടിൽ കിഴക്കതിൽ, മുട്ടം (4/430 A)<br>-107 ച.മീ<br>2016- I | അടിസ്ഥാന വസ്തുനികുതി-6420<br>മേൽക്കൂര-10%ഇളവ്-642 (ഇളവ്)<br>റോഡ് സൌകര്യം (5 മീറ്ററിന് മുകളിൽ വിസ്തൃതി) -1284 (വർദ്ധനവ്) | അടിസ്ഥാന വസ്തുനികുതി-4280<br>*ഇളവുകൾ-കാലപ്പഴക്കം 20%-856<br>മേൽക്കൂര-10%-428<br>റോഡ് സൌകര്യം (5 മീറ്ററിന് മുകളിൽ വിസ്തൃതി)-856 | വസ്തുനികുതി-3210<br>ലൈ.സെസ്സ്-161 |

| | | | | |
|---|---|---|---|---|
| | | വസ്തുനികുതി-7062<br>ലൈ.സെസ്സ്-354 | വസ്തുനികുതി-3852<br>ലൈ.സെസ്സ്-193 | |
| ആകെ കുറവ് വന്ന വസ്തുനികുതി | | | | 9210 |
| ആകെ കുറവ് വന്ന ലൈ.സെസ്സ് | | | | 461 |

(*നികുതി പരിഷ്കരണമല്ലാതിരുന്നിട്ടും ക്രമ നം-2 ൽ ഉൾപ്പെടുന്ന വസ്തുനികുതി നിർണ്ണയത്തിന് 20 % കാലപ്പഴക്കത്തിനുള്ള ഇളവ് എപ്രകാരമാണ് കണക്കാക്കിയതെന്ന് വ്യക്തമല്ല. ഈ ഇളവ് നൽകാതെയാണ് മേൽ പട്ടിക തയ്യാറാക്കിയത്)

വസ്തുനികുതിയും ലൈബ്രറി സെസ്സും നിർണ്ണയിച്ചതിൽ ഉണ്ടായ അപാകം 06-03-2020 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ- 10) മുഖാന്തിരം സെക്രട്ടറിയെ അറിയിക്കുകയും മറുപടി ലഭ്യമാക്കുകയും ചെയ്തു. മറുപടിയിൽ അപാകം പരിഹരിച്ച് നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്നറിയിച്ചു. അപാകം പരിഹരിച്ച് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 സഞ്ചയ ഡേറ്റാ ബേസിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്ത് വ്യാപാരങ്ങൾക്കുള്ള ലൈസൻസ് അനുവദിച്ച താഴെ പറയുന്ന കെട്ടിടങ്ങളുടെ സഞ്ചയ ഡേറ്റാബേസിലെ വിവരങ്ങൾ പ്രകാരം അവ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചവയാണ്. കെട്ടിട ഉടമകളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമയുടെ പേര് | ലൈസൻസ് നമ്പർ/ സ്ഥാപനം |
|---|---|---|
| 7/110 | കെ.എസ്സ് കൃഷ്ണദാസ്,കൊച്ചയ്യത്ത് വീട് | 7<br>ഹരിത സ്റ്റോഴ്സ് |
| 4/157 | ബി.ദേവദാസ്,നന്ദാലയം | 31<br>നന്ദു ഹോളോബ്രിക്സ് |

പാർപ്പിടാവശ്യകെട്ടിടങ്ങളിൽ വ്യാപാരത്തിനോ വ്യവസായത്തിനോ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-11/06-03-2020) മറുപടിയിൽ ടി കെട്ടിടങ്ങൾ നികുതിനിർണ്ണയ രജിസ്റ്റർ പ്രകാരം യഥാക്രമം കടമുറി, വ്യവസായ ആവശ്യത്തിനുള്ള ഷെഡ് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് സെക്രട്ടറി അറിയിച്ചു. ടി അപാകം സഞ്ചയ ഡേറ്റാബേസിലെ പ്യൂരിഫിക്കേഷൻ നടപടിയിലൂടെ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. ഡേറ്റാബേസിൽ ഉണ്ടായ തെറ്റ് പരിഹരിച്ച് നികുതി നഷ്ടം ഉണ്ടായിട്ടുള്ള പക്ഷം ആയത് കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-18 ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർണ്ണതയിൽ എത്തിയില്ല-

സഞ്ചയ ഡേറ്റാബേസിലെ വിവരങ്ങളിൽ നിരവധി അപാകങ്ങൾ ഉള്ളതായി കാണുന്നു.

എ) പൊളിച്ചുനീക്കിയ കെട്ടിടങ്ങളും ഡേറ്റാബേസിൽ ഉൾപ്പെടുന്നു.

ഡേറ്റാ ബേസിലെ നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിഭാഗത്തിൽ താഴെ പറയുന്ന കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| 6/387,388,389 | Haridas G nair, Divya haridas, Sreevilasam |
| 12/6,7,8,9,10 | David cheriyan, Babu Mandiram |
| 13/291,292 | Rajan, Geetanjali |

എന്നാൽ ഈ ഈ കെട്ടിടങ്ങളെല്ലാം പൊളിച്ചുനീക്കിയവയാണെന്നാണ് ഇത് സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.12/06.03.2020) മറുപടിയിൽ സെക്രട്ടറി അറിയിച്ചത്. ഇപ്രകാരം സഞ്ചയ ഡേറ്റാബേസ് കാലികമാക്കാതെ കെട്ടിടങ്ങളുടെ വിവരങ്ങൾ തെറ്റായി സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഡേറ്റാബേസിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ആശുപത്രി എന്ന ഉപയോഗക്രമത്തിൽ 5/301 മുതൽ 5/315 വരെയുള്ള കെട്ടിടങ്ങൾ കൃഷ്ണൻ കുട്ടി, എസ്.എൻ കോട്ടേജ് എന്നയാളുടെ പേരിൽ നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. എന്നാൽ ഈ കെട്ടിടങ്ങളിൽ നിലവിൽ ഒരു ഔട്ട് പേഷ്യന്റ് ക്ലിനിക്ക് മാത്രമാണ് പ്രവർത്തിക്കുന്നതെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. മേൽ നമ്പരിലുള്ള കെട്ടിടങ്ങൾ ആശുപത്രിയായി പ്രവർത്തിക്കുന്നുണ്ടോയെന്ന് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. സഞ്ചയ ഡേറ്റാ ബേസിലുണ്ടായ തെറ്റാണെങ്കിൽ ടി തെറ്റ് തിരുത്തുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-19 ഒരേ കെട്ടിടത്തിൽ വിവിധ കെട്ടിട നമ്പറുകൾ അനുവദിച്ച് വസ്തുനികുതി ചുമത്തുമ്പോൾ ആകെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തുന്നില്ല-

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ. പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 40/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/-രൂപയും ആയിനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ 2018-19 വർഷം നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടം (ആകെ വിസ്തൃതി -250.05 ച.മീ) ഉടമയുടെ ആവശ്യപ്രകാരം വിവിധ നമ്പരിട്ടുനൽകുകയും ബാധകമായ നികുതി 100 ച.മീറ്ററിന് താഴെയുള്ള നിരക്ക് ചുമത്തുകയും ചെയ്തിട്ടുണ്ട്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല. ഈ കെട്ടിടത്തിന്റെ വസ്തുനികുതിയിൽ തന്നെ 6000/- രൂപയുടെ വാർഷിക നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. നികുതി നഷ്ടം ഉണ്ടായതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര്<br>കെട്ടിടത്തിന്റെ നമ്പർ- തറവിസ്തൃതി | ആകെ തറവിസ്തൃതി | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി@60/ച.മീ<br>ലൈ.സെസ് | ചുമത്തിയ വസ്തുനികുതി@40/ച.മീ.<br>ലൈ.സെസ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | ദിവാകരൻ<br>സുരേഷ് ഭവനം,മുട്ടം<br>3/540 A<br>22.18 ച.മീ | **250.05 ച.മീറ്റർ** | അടിസ്ഥാന വസ്തുനികുതി-1330.8<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-266.16<br>വസ്തുനികുതി-1597<br>ലൈ.സെസ്സ്-80 | അടിസ്ഥാന വസ്തുനികുതി-887.2<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-177.44<br>വസ്തുനികുതി-1065<br>ലൈ.സെസ്സ്-54 | വസ്തുനികുതി-532<br>ലൈ.സെസ്സ്-26 |
| 2 | 3/540 B<br>18.48 ച.മീ | | അടിസ്ഥാന വസ്തുനികുതി-1108.8<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-221.76<br>വസ്തുനികുതി-1331<br>ലൈ.സെസ്സ്-67 | അടിസ്ഥാന വസ്തുനികുതി-739.2<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-147.84<br>വസ്തുനികുതി-888<br>ലൈ.സെസ്സ്-45 | വസ്തുനികുതി-443<br>ലൈ.സെസ്സ്-22 |
| 3 | 3/540 C<br>19.4 ച.മീ | | അടിസ്ഥാന വസ്തുനികുതി-1164<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-232.8<br>വസ്തുനികുതി-1397<br>ലൈ.സെസ്സ്-70 | അടിസ്ഥാന വസ്തുനികുതി-776<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-155.2<br>വസ്തുനികുതി-932<br>ലൈ.സെസ്സ്-47 | വസ്തുനികുതി-465<br>ലൈ.സെസ്സ്-23 |
| 4 | 3/540 D<br>104.37 ച.മീ | | അടിസ്ഥാന വസ്തുനികുതി-6262.2<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-1252.44<br>വസ്തുനികുതി-7515<br>ലൈ.സെസ്സ്-376 | അടിസ്ഥാന വസ്തുനികുതി-4174.8<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-834.96<br>വസ്തുനികുതി-5010<br>ലൈ.സെസ്സ്-251 | വസ്തുനികുതി-2505<br>ലൈ.സെസ്സ്-125 |
| 5 | 3/540 E<br>85.62 ച.മീ | | അടിസ്ഥാന വസ്തുനികുതി-5137.2 | അടിസ്ഥാന വസ്തുനികുതി-3424.8 | വസ്തുനികുതി-2055<br>ലൈ.സെസ്സ്-103 |

| | | | | | |
|---|---|---|---|---|---|
| | | | റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-1027.44<br>വസ്തുനികുതി-6165<br>ലൈ.സെസ്സ്-309 | റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-684.96<br>വസ്തുനികുതി-4110<br>ലൈ.സെസ്സ്-206 | |
| ആകെ കുറവ് വന്ന വസ്തുനികുതി- 6000<br>ആകെ കുറവ് വന്ന ലൈ.സെസ്സ്-299 | | | | | |

വസ്തുനികുതിയും ലൈബ്രറി സെസ്സും നിർണ്ണയിച്ചതിൽ ഉണ്ടായ അപാകം 07-03-2020 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ- 18) മുഖാന്തിരം സെക്രട്ടറിയെ അറിയിക്കുകയും മറുപടി ലഭ്യമാക്കുകയും ചെയ്തു. മറുപടിയിൽ അപാകം പരിഹരിച്ച് നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്നറിയിച്ചു. അപാകം പരിഹരിച്ച് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ സമാനരീതിയിൽ നികുതിനിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതിനിർണ്ണയത്തിലുണ്ടായ പിശകുകളും പരിഹരിച്ച് നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-20 കുടിശ്ശികയായ തുക കേസിന്റെ തീർപ്പിന് വിധേയമായി ഈടാക്കേണ്ടതാണ്

ചേപ്പാട് ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ നിർമ്മിച്ചിട്ടുള്ള ശ്രീ. ജേക്കബ് ഉമ്മൻ, മാനത്തറയിൽ എന്നയാളുടെ പേരിലുള്ള ഫോർ സ്റ്റാർ ഹോട്ടലിന് 2016-17 വർഷം വരെ വസ്തുനികുതി ഇനത്തിൽ 24,88,556/- രൂപ പിരിച്ചെടുക്കുവാനവശേഷിക്കുന്നുവെന്ന് 2017-18 ലെ സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ നിലവിലുള്ള കുടിശ്ശികയായ 7,88,853/- രൂപ പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നതിനെ ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ നൽകിയ കേസ് നിലവിലുണ്ട്. കേസിന്റെ തീർപ്പിന് വിധേയമായി മുഴുവൻ കുടിശ്ശികയും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല

പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അടച്ച തീയതി | കാലാവധി പൂർത്തിയായ തീയതി | പേര് | ഇനം | തുക |
|---|---|---|---|---|---|
| 1. | 19-08-2015 | 18-08-2018 | ഹക്കീം, വഞ്ചീയൂർ, പത്തിയൂർ | ബിഡ്ഡേഴ്സ് ഇ.എം.ഡി | 1000/- |
| 2. | 19-08-2015 | 18-08-2018 | നൗഷാദ്, വിളയിൽ, പത്തിയൂർ | ബിഡ്ഡേഴ്സ് ഇ.എം.ഡി | 1000/- |
| 3. | 15-01-2016 | 14-01-2019 | ജി. ഹരികുമാർ | ഇ.എം.ഡി | 200/- |
| 4. | 02-04-2016 | 01-04-2019 | എഇ, എൽ.എസ്.ജി.ഡി | റീടെൻഷൻ | 1654/- |
| | | | | ആകെ | 3854/- |

ഈ തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കുട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 ലൈസൻസ് ഫീസ്- മൂലധനനിക്ഷേപത്തിനനുസൃതമായി ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭ പ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം-7 പ്രകാരം ലൈസൻസിന് പട്ടിക -2 ലെ നിരക്കുകളിൽ അധികരിക്കാത്ത തുക ലൈസൻസ് ഫീസായി പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. 31-10-2017 ലെ ഭേദഗതി പ്രകാരം ലൈസൻസ് ഫീസിനുള്ള മാനദണ്ഡം മൂലധന നിക്ഷേപമാണ്. 25 ലക്ഷം രൂപയിൽ കൂടാത്ത മൂലധനനിക്ഷേപമുള്ള ഉത്പാദനമേഖലയിൽ പ്രവർത്തിക്കുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിനും 10 ലക്ഷം രൂപയിൽ കൂടാത്ത മൂലധനനിക്ഷേപമുള്ള സേവന മേഖലയിൽ പ്രവർത്തിക്കുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിനും 500/- രൂപയാണ് ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ്. ഫീസീടാക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്ത് ഇപ്രകാരം ലൈസൻസ് അപേക്ഷയിൻമേലുള്ള അന്വേഷണറിപ്പോർട്ടിനനുസൃതമായി പരമാവധി ലൈസൻസ് ഫീസാണ് മിക്ക അപേക്ഷകരിൽ നിന്നും ഈടാക്കി വരുന്നത്. എന്നാൽ താഴെ പറയുന്ന ചില അപേക്ഷകളിൻമേൽ നടത്തിയ അന്വേഷണറിപ്പോർട്ടുകളിൽ ഉയർന്ന മൂലധനനിക്ഷേപം ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടും

തദനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ലൈസൻസ് അപേക്ഷന്റെ പേര് | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം (ലക്ഷം) | ഈടാക്കിയ ഫീസ് | രസീത് നം. തീയതി |
|---|---|---|---|---|
| 4/436 | സുരേഷ്.എസ് പുതിയവീട്ടിൽ ഏവൂർ.പി.ഒ | 10 | 300 | 118010101235 28-06-18 |
| 1/304 | വർഗ്ഗീസ് കുരുവിള കറുകയിൽ പുത്തൻപുരക്കൽ പായിപ്പാട് | 5 | 200 | 118010101327 05-07-2018 |
| 1/173 | സിജു ദൈവപ്പുരക്കൽ | 5 | 350 | 118010101503 18-07-18 |
| 12/26 | തോമസ്.പി.ജി പാണ്ട്യാലക്കൽ ചിങ്ങോലി | 20 | 300 | 11801010491 18-07-18 |

(പട്ടിക പൂർണ്ണമല്ല)

ഇപ്രകാരം കുറഞ്ഞ തുക ഈടാക്കുന്നത് വ്യക്തമായ തീരുമാനത്തിന്റെ അടിസ്ഥനത്തിലാകേണ്ടതുണ്ട്. ആയതിനാൽ മൂലധനനിക്ഷേപം സംബന്ധിച്ചും ആയതിന് ചുമത്തേണ്ട ലൈസൻസ് ഫീസ് സംബന്ധിച്ചും പട്ടിക – 2 അടിസ്ഥാനമാക്കി ലൈസൻസ് ഫീസ് നിർണ്ണയിക്കേണ്ടതാണ്. മേൽപട്ടികയിലുൾപ്പെടെ 2018-19 വർഷം കുറവു ലൈസൻസ് ഫീസ് ഈടാക്കിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നിയമപ്രകാരമുള്ള ഫീസ് ഈടാക്കിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-23 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി - കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരികെ ഈടാക്കി

'പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ അറ്റകുറ്റപണി' എന്ന പ്രോജക്റ്റിനറെ ഭാഗമായി (നം. 158/19) 2018-19 വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള അനുമതി പോസ്റ്റൊന്നിന് 470/- രൂപ നിരക്കിൽ ശ്രീ. സനൽകുമാർ എന്ന കരാറുകാരന് നൽകുവാൻ 07.11.2018-ൽ കൂടിയ പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ചിരുന്നു. തനതുഫണ്ടിനത്തിൽ 4 ലക്ഷം രൂപ അടങ്കലുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തൻവർഷം 314120/-രൂപ പിൻവലിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണ സംബന്ധമായി ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ ഓരോ വാർഡിലുമുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി. അധികൃതരുമായി ചേർന്ന് സംയുക്തപരിശോധന നടത്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇതുമൂലം അറ്റകുറ്റപണി നടത്തേണ്ട ലൈറ്റുകളെ സംബന്ധിച്ച് കൃത്യമായ ധാരണ പഞ്ചായത്തിന് ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നു.
2. കരാറുകാരന്റെ പേരിൽ 07.11.2018ൽ വാങ്ങിയ 200/- രൂപയുടെ മുദ്രപത്രം ഫയലിൽ ഉണ്ടെങ്കിലും വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടില്ല.
3. പഞ്ചായത്തിലെ തെരുവു വിളക്കുകൾ ഒരു വർഷത്തേക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായാണ് കരാറുകാരനെ ചുമതലപ്പെടുത്തിയിരുന്നത് (സാധനങ്ങൾ ഉൾപ്പെടെ). ഒരു പോസ്റ്റിൽ ആവശ്യമെങ്കിൽ മൂന്ന് പ്രാവശ്യം വരെ മെയിന്റനൻസ് പ്രവൃത്തികൾ നടത്തേണ്ടതുണ്ടെന്ന് അറ്റകുറ്റപ്പണികൾ സംബന്ധമായ ടെണ്ടർ നിബന്ധനകളിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ വ്യവസ്ഥ പരിഗണിക്കാതെ 796 എൽ.ഇ.ഡി. ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതായി കാണിച്ച് (മറ്റിനം ലൈറ്റുകളെപ്പറ്റി പരാമർശമില്ല) കരാറുകാരൻ 14.12.2019 ൽ ഹാജരാക്കിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 3,74,120/- രൂപ (796x470) പിൻവലിച്ചതായാണ് രേഖ. പൻവലിച്ച തുകയിൽ റിട്ടെൻഷൻ ഇനത്തിൽ 37,412/- രൂപയും റ്റി.ഡി.എസ്. ഇനത്തിൽ 7482/- രൂപയും കഴിച്ച് ശേഷിച്ച 3,25,482/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. തെരുവുവിളക്കുകൾ ഒരു വർഷത്തേക്ക് അറ്റകുറ്റപ്പണി നടത്താൻ ചുമതലപ്പെട്ട കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് 4 മാസത്തിനുള്ളിൽ വകയിരുത്തിയതിൽ 90 ശതമാനത്തിനുമേൽ തുക പിൻവലിച്ച് നൽകിയതിനുള്ള കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല.
4. അറ്റകുറ്റപ്പണി നടത്തിയ ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. 796 ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതായി കരാറുകാരൻ സെക്രട്ടറിക്കു നൽകിയ കത്തിൽ പ്രതിപാദിച്ചിരുന്നുവെങ്കിലും വാർഡുമെമ്പർമാർ നൽകിയ സാക്ഷ്യപത്ര പ്രകാരം അറ്റകുറ്റപ്പണി നടത്തിയ ലൈറ്റുകളുടെ എണ്ണം 783 മാത്രമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | അറ്റകുറ്റപ്പണി നടത്തിയതായി കരാറുകാരൻ പറഞ്ഞിട്ടുള്ള ലൈറ്റിന്റെ എണ്ണം | സാക്ഷ്യപത്രത്തിലെ എണ്ണം | അധികം പിൻവലിച്ച തുക (@470/എണ്ണം) |
|---|---|---|---|
| വാർഡ് (3) | 50 | 44 | 6x470=2820 |

| | | | |
|---|---|---|---|
| വാർഡ് (4) | 54 | 52 | 2x470=940 |
| വാർഡ് (6) | 65 | 60 | 5x470=2350 |
| | | ആകെ | 6110/- |

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/5.3.2020) മാർച്ച് മാസത്തിനുശേഷം നവംബർ മാസം വരെ വിവിധ വാർഡുകളിൽ കരാറുകാരൻ മെയിന്റനൻസ് നടത്തിയെങ്കിലും തുകയൊന്നും പിന്നീട് ടിയാന് അനുവദിച്ചില്ലായെന്ന് സെക്രട്ടറി മറുപടി നൽകി. കൂടാതെ അറ്റകുറ്റപണിക്കായി കരാറുകാരന് അധികം നൽകിയതായി ഓഡിറ്റിൽ കണ്ടെത്തിയ 6110/- രൂപ തിരിച്ചടച്ച് രസീതും ഹാജരാക്കി (രസീത് നം. 119010106052/6.3.2020). പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം/ഇനം എന്നിവ സംബന്ധമായി കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനും, മുകളിൽ വിവരിച്ച അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

### 1-24 തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ മീറ്റേർഡ് ബില്ലുകൾക്കായി അധിക തുക അടക്കുന്നു

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി. യുടെ ചേപ്പാട് സെക്ഷനിൽ നിന്നും ലഭിക്കുന്ന ബിൽ പ്രകാരം എല്ലാ മാസവും 70,000/- രൂപയ്ക്കു മുകളിൽ വരുന്ന തുക അടവാക്കുന്നുണ്ട് (കൺസ്യൂമർ നം. 1155300001852). ഇതിനുപുറമേ ഹൈമാസ്റ്റ് ഉൾപ്പെടെ പ്രത്യേകം മീറ്റർ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾക്ക് പ്രത്യേകമായി കറന്റ് ചാർജ്ജ് ഒടുക്കുന്നുമുണ്ട്. എന്നാൽ പ്രതിമാസം കറന്റ് ചാർജ്ജ് അടച്ചുപോരുന്ന തെരുവ് വിളക്കുകളിൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള 19 കൺസ്യൂമർ നമ്പരുകളുടേതായി 7/18 മുതൽ പ്രത്യേകം മീറ്റേർഡ് ബില്ലുകൾ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് എല്ലാ മാസവും അടച്ചുപോരുന്നു. മീറ്റർ സ്ഥാപിച്ചുൾപ്പെടെയുള്ള തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് പ്രതിമാസം അടച്ചുപോരുന്നതിനാൽ ആയതിൽ കുറവുവരുത്താതെ മീറ്റേർഡ് ബിൽ പ്രകാരം തുക പ്രത്യകം ഒടുക്കുന്നത് ഇരട്ടിപ്പിന് ഇടയാക്കിയിട്ടുണ്ട്.

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2/05.03.2020) "സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജിനത്തിലുള്ള ബില്ലുകൾ ഏകീകരിക്കുന്നതിനും, അധികമായി അടവാക്കിയ തുക കുറവുവരുത്തുന്നതിനും നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി. അധികൃതരുമായി ഒന്നിലധികം തവണ കത്തിടപാടുകൾ നടത്തിയിരുന്നുവെങ്കിലും തെരുവ് വിളക്കുകൾക്കായി 18 മീറ്ററുകൾ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂവെന്നും, 14 മീറ്ററുകൾ കൂടി സ്ഥാപിച്ചാൽ മാത്രമേ ബില്ലുകൾ ഏകീകരിക്കാൻ കഴിയൂ" എന്ന് അവർ അറിയിച്ചതായും സെക്രട്ടറി മറുപടി നൽകി. ഇതു സംബന്ധമായി സംയുക്തപരിശോധന നടത്തുവാൻ പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ നടപടികളൊന്നും കെ.എസ.ഇ.ബി-യുടെ ചേപ്പാട് സെക്ഷനിൽ നിന്നും സ്വീകരിച്ചിട്ടില്ലായെന്ന് സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുമൂലം തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ അധിക തുക ഒടുക്കുവരുത്തേണ്ടിവരുന്നു എന്നതിനാൽ ഈ വിഷയ സംബന്ധമായി കെ.എസ്.ഇ.ബി-യുടെ ഉന്നതാധികാരികളുമായി ബന്ധപ്പെട്ട് സംയുക്തപരിശോധന നടത്തുന്നതിലേക്കും, കറന്റ്ചാർജ്ജിനത്തിൽ അധികമായി ഒടുക്കിയ തുക തുടർബില്ലുകളിൽ ക്രമീകരിക്കുന്നതിലേക്കും ആവശ്യമായ സത്വര നടപടി

സ്വീകരിക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു. കൂടാതെ തെരുവ് വിളക്കുകൾക്ക് ശേഷിക്കുന്ന മീറ്ററുകൾ സ്ഥാപിക്കുന്നതിലേക്ക് ആവശ്യമായ പദ്ധതി ഏറ്റെടുക്കുന്നതിനും ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 1-25 ആസ്തിരജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, വസ്തുവകകൾ തുടങ്ങിയ ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തിരജിസ്റ്ററിന്റെ പരിപാലനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിൽ നിലവിലുള്ള ആസ്തിരജിസ്റ്റർ അപൂർണ്ണവും സാക്ഷ്യപ്പെടുത്തൽ വരുത്താത്തതുമാണ്.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ ബ്ലോക്ക് പഞ്ചായത്ത് നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ വിവരം ആസ്തിരജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
3. എം.പി./എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് പഞ്ചായത്ത് ആസ്തികളിൽ നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ വിവരവും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
4. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18, 2018-19 വർഷങ്ങളിൽ നിരവധി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഇവയുടെ വിവരങ്ങൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളെ സംബന്ധിച്ച റോഡു രജിസ്റ്റർ, റോഡ് മാപ്പ് എന്നിവയും പരിപാലിച്ചിട്ടില്ല.

ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലാ എന്ന സർക്കാർ നിർദ്ദേശം കർശനമായി പാലിക്കുവാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ആസ്തിരജിസ്റ്റർ കാലികമാക്കാത്തത് ഇരട്ടിപ്പിനും, അധികച്ചെലവിനും ഇടയാക്കിയേക്കും എന്നതിനാൽ ഇതിലേക്കാവശ്യമായ സത്വരനടപടി സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 തൊഴിലുറപ്പ് പദ്ധതി - പഞ്ചായത്തിന് കൈമാറികിട്ടാത്ത ആസ്തികളിൽ കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 , 2018-19 വർഷങ്ങളിലായി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതോ, കൈമാറ്റം ചെയ്തു ലഭിച്ചതോ ആയ ആസ്തികളിൽ അല്ല. പ്രവൃത്തി നടന്ന സ്ഥലത്തിന്റെ ഉടമകളിൽ നിന്നും relinquishment ഫാറം ഒപ്പിട്ടു വാങ്ങി റവന്യൂ നടപടികളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കൊണ്ടുവന്നിട്ടില്ല.

| വർഷം | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | വാതല്ലൂർ - ഒറ്റതെങ്ങിൽ വടക്കതിൽ നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 13 | 144064 |
| 2018-19 | മൈത്രി ജംഗ്ഷൻ - ജിത്തു ഭവനം നടപ്പാത കോൺക്രീറ്റിംഗ് വാർഡ് - 4 | 28146 |
| 2018-19 | കരീശ്ശേരിൽ - ഇലമ്പടത്ത് നടപ്പാത കോൺക്രീറ്റിംഗ് വാർഡ്-4 | 40745 |
| 2018-19 | രാജൻ പാലത്തറ – കുട്ടിൽ ഗുരുമന്ദിരം നടപ്പാത കോൺക്രീറ്റിംഗ് വാർഡ് - 7 | 48384 |

പഞ്ചായത്തിന്റെ ആസ്തികളിലോ, കൈമാറി കിട്ടിയ ആസ്തികളിലോ അല്ലാതെ കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തിയതിൻമേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/06.03.2020) “Land relinquishment Form” ഒപ്പിട്ടുവിച്ച് തഹസിൽദാർക്കു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ആകയാൽ ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതും, പ്രവൃത്തികളുടെ നിർവ്വഹണ സംബന്ധമായുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-27 തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ - ഓഡിറ്റ് കണ്ടെത്തലിനെതുടർന്ന് 11,040/- രൂപ തിരിച്ചടച്ചു

**എ) പ്രത്യാശാദീപം–തച്ചരുപടീറ്റതിൽ നടപ്പാത കോൺക്രീറ്റിംഗ്**

1. പഞ്ചായത്തിന്റെ 11-ാം വാർഡിൽ നടപ്പാക്കിയ ഈ പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റിൽ സ്കിൽഡ്/അൺസ്കിൽഡ് വേജസ് ഇനത്തിൽ ആകെ വകയിരുത്തിയിരുന്നത് 45,560/- രൂപ ആയിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടേതായി ഹാജരാക്കിയ മസ്റ്റർറോൾ പ്രകാരം 3 സ്കിൽഡ് ലേബേഴ്സിന്റെ വേതനമിനത്തിൽ 21,000/- രൂപയും (3x1000x7), 6 സെമി സ്കിൽഡ് ലേബേഴ്സിന്റെ വേതനമിനത്തിൽ 33,600/- രൂപയും (6x800x7) വിതരണം നടത്തിയതായാണ് രേഖ. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നതിൽ അധികരിച്ച് സ്കിൽഡ്/സെമിസ്കിൽഡ് ഇനങ്ങളിൽ 9,040/- രൂപ അധികം ചെലവഴിച്ചു.

2. മസ്റ്റർറോളിൽ ഉൾപ്പെട്ട ശാന്തകുമാർ.സി. എന്നയാൾ (രജി. നം. 254417) സെമിസ്കിൽഡ് ലേബർ എന്നാണ് മസ്റ്റർറോളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇവർക്ക് സ്കിൽഡ് ലേബറിന്റെ വേതനമായ 1,000/- രൂപ നിരക്കിൽ 7 ദിവസത്തേക്ക് 7000/- രൂപ അനുവദിച്ചു.
3. സ്കിൽഡ്/സെമിസ്കിൽഡ് ഹാജരാക്കിയ മസ്റ്റർറോളിൽ (നം. 36) നിരവധി വെട്ടിത്തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. പ്രവൃത്തി ചെയ്ത ദിനങ്ങൾ 4 എന്നത് 7 ആക്കി തിരുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. കൂടാതെ ദൈനംദിന ഹാജർ ഒപ്പിനുപകരം ടിക് മാർക്ക് ആണ് രേഖപ്പെടുത്തിയത്.

ഈ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അപാകത ബോദ്ധ്യപ്പെട്ടതിനാൽ ഈയിനത്തിൽ അധികം നൽകിയ 9,040/- രൂപ തിരിച്ചടച്ച് രസീത് ഹാജരാക്കുന്നതായി സെക്രട്ടറി മറുപടി നൽകി (രസീത് നം. 119010106063/07.03.2020). കൂടാതെ ചൂണ്ടിക്കാട്ടിയ മറ്റ് അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ കർശന നിർദ്ദേശം നൽകുന്നതായും ടിയാൾ അറിയിച്ചു.

**ബി) ബോർഡ് സ്ഥാപിച്ചതിന് അധിക നിരക്ക് അനുവദിച്ചു**

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ അംഗീകൃത എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിനായി വകയിരുന്ന തുക 4,000/- രൂപ വീതമായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികളുടേതായി ലഭ്യമാക്കിയ ചെലവു രേഖകളിൽ ബോർഡ് സ്ഥാപിച്ചതിന് 5,000/- രൂപ വീതം മൂല്യം നിശ്ചയിച്ച് തുക പൻവലിച്ചു.

| ക്രമ നം. | പ്രവൃത്തിയുടെ പേരും വാർഡ് നമ്പരും |
|---|---|
| 1 | മുട്ടക്കുളത്ത്-വരവുകാല നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 12 |
| 2 | പേരശ്ശേരിൽ-കാവനാൽ നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 13 |

എസ്റ്റിമേറ്റിൽ അധികരിച്ച് തുക അനുവദിച്ചതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് (നം. 6/06.03.2020) ഈയിനത്തിൽ അധികം പിൻവലിച്ച 2,000/- രൂപ തിരിച്ചടച്ച് രസീത് ഹാജരാക്കി (രസീത് നം. 119010106063/07.03.2020).

## 1-28 കറവപശുകൾക്ക് കാലിത്തീറ്റ - ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0041/19 എസ്.സി<br>അടങ്കൽ-160000<br>(112000- വികസനഫണ്ട്-സാധാരണ വിഹിതം +48000 | S0037/19 ജനറൽ<br>അടങ്കൽ-500000<br>(250000- വികസനഫണ്ട്-സാധാരണ വിഹിതം +250000 |

| | | |
|---|---|---|
| | -ഗുണഭോക്തൃവിഹിതം ) | -ഗുണഭോക്തൃവിഹിതം) |
| ചെലവ് | വികസനഫണ്ട് | |
| | ബിൽ നം.J-8/18-19 തീ.15.03.19-<br>തുക-22148/- (വികസനഫണ്ട്) | ബിൽ നം.J-6/18-19 തീ.5.02.19<br>തുക- 9945/-(വികസനഫണ്ട്) |
| | ബിൽ നം.J-12/18-19 തീ.27.03.19<br>തുക- 14378/-(വികസനഫണ്ട്) | |
| | ബിൽ നം.J-13/18-19 തീ.15.03.19-<br>തുക-22148/-(വികസനഫണ്ട്) | |
| | ഗുണഭോക്തൃവിഹിതം | |
| | ചെക്ക് നം-JF 1363234/-<br>21-03-19 തുക-14550/- | ചെക്ക് നം-JF 1363234/21-03-19<br>തുക-75710/- |
| | ചെക്ക് നം-JF 1363234/<br>21-03-19 തുക-9472/- | ചെക്ക് നം-016769/26-03-19<br>തുക-81135/- |
| | | ചെക്ക് നം-0802523/30-03-19<br>തുക-28875/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ | |

ജനറൽ/എസ്.സി വിഭാഗം ഗുണഭോക്താക്കൾക്കായിട്ടുള്ള കറവപശുക്കൾക്ക് കാലിതീറ്റ വിതരണം പ്രോജക്ടുകളിൽ ഉൾപ്പെടുത്തി തുക ചെലവഴിച്ചിട്ടുണ്ട്.വലിയകുഴി KUCS A 41D APCOS, മുട്ടം KUCS A 102 D എന്നീ സംഘങ്ങളിൽ നിന്നാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. ട്രഷറി ബില്ലുകളോടൊപ്പം കാലിത്തീറ്റ വാങ്ങുന്നതിനായി ഗുണഭോക്താക്കൾക്ക് നൽകിയ പെർമ്മിറ്റിന്റെ പകർപ്പ്, ഗുണഭോക്താക്കൾ സംഘത്തിൽ നിന്ന് കാലിത്തീറ്റ വാങ്ങിയതിന്റെ ബില്ലുകൾ, രണ്ട് പ്രോജക്ടുകളിലുമായി പിരിച്ച ഗുണഭോക്തൃവിഹിതം സംഘത്തിന് കൈമാറിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയതില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം- 4/06-03-2020 നൽകിയതിന് S0041/19 നമ്പർ പ്രോജക്റ്റിന്റെ പെർമ്മിറ്റ് ഹാജരാക്കുന്നതായി അറിയിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഹാജരാക്കിയ രേഖകൾ അംഗീകരിക്കാവുന്നതല്ല. രേഖകളുടെ അഭാവത്തിൽ രണ്ട് പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 2,78,361/- രൂപ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങിയതിന്റെയും ഗുണഭോക്തൃവിഹിതം കൈമാറിയതിന്റെയും രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. അതോടൊപ്പം പ്രോജക്ട് വിഭാവനം ചെയ്ത അനുപാതത്തിൽ വികസനഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ കൂടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-29 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രത്തിൽ അപാകത

കന്നുകുട്ടി പരിപാലനം പ്രോജക്ടിലുൾപ്പെടുത്തി 48 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം നടത്തുന്നതിനായി ഒന്നിന് 6250/- രൂപ വീതം 300000/- രൂപ (ബിൽ നമ്പർ - J5/18-19 തീ. 31.12.18) കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിനൊപ്പമുള്ള കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടറുടെ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 5,00,000/- രൂപ തൻവർഷം ലഭിച്ചതായും അതിൽ 214214/- രൂപ ചെലവഴിച്ചുമെന്നുമാണ്. ഈയിനത്തിൽ തൻവർഷം 3,00,000/- രൂപ മാത്രം ഒടുക്കിയിരിക്കെ വിനിയോഗ സാക്ഷ്യപത്രത്തിലെ വ്യത്യാസത്തിന് കാരണം വിശദമാക്കുവാനും ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ള ക്ഷീരസംഘങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 3/**05-03-2020** നൽകിയതിന് 2018-19 വർഷം മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതമായ 250000/- രൂപ കൂടി ചേപ്പാട് ഗ്രാമപഞ്ചായത്തിലെ കന്നുകുട്ടി പരിപാലന പദ്ധതിക്കായി ലഭിച്ചുവെന്നും ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ മുതുകുളം സീനിയർ വെറ്ററിനറി സർജനാണെന്നും എന്നാൽ രണ്ട് പ്രോജക്ടുകൾക്കുമായി ഒരുമിച്ച് വിനിയോഗസാക്ഷ്യപത്രം നൽകുകയാണുണ്ടായതെന്നുമാണ്. എന്നാൽ മുതുകുളം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2018-19 വർഷം ടി പ്രോജക്റ്റ് നടപ്പായതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. 2018-19 വർഷം മുതുകുളം ബ്ലോക്ക് തുക ഒടുക്കിയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയും ഗ്രാമപഞ്ചായത്ത് കൈമാറിയ മുഴുവൻ തുകക്കുമുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

### 1-30 അഗതി-ആശ്രയ പദ്ധതിക്കായി സി.ഡി.എസ്. അക്കൗണ്ടിലേക്ക് നൽകിയ 3.18 ലക്ഷം രൂപ പത്തു വർഷത്തിനു ശേഷവും ചെലവഴിച്ചിട്ടില്ല

അഗതി-ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി സി.ഡി.എസ്. അക്കൗണ്ടിലേക്ക് 2005-06 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ചതിൽ 3.18 ലക്ഷം രൂപ ചെലവഴിക്കാതെയും അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ആശ്രയ അക്കൗണ്ടിലേക്ക് അനുവദിച്ച തുക | ചെലവഴിച്ച തുക | അക്കൗണ്ടിൽ മിച്ചമുള്ള തുക |
|---|---|---|---|
| 2005-06 | 115000 | 97500 | |
| 2006-07 | 300000 | 399000 | |
| 2007-08 | 200000 | | |
| 2010-11 | 200000 | - | |
| ആകെ | 815000 | 496500 | 318500 |

അഗതി ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 37 ഗുണഭോക്താക്കളും, രണ്ടാം ഘട്ടത്തിൽ

ഉൾപ്പെട്ട 53 ഗുണഭോക്താക്കളുമാണ് 2018-19 കാലയളവിൽ പഞ്ചായത്തിൽ ഉള്ളത്. ഇവർക്കായി ആശ്രയ അക്കൗണ്ടിൽ നിന്നും ചലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പോഷകാഹാര വിതരണമൊഴികെ മറ്റ് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. വിവിധ പദ്ധതികൾക്കായി 2005-06 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും അനുവദിച്ചതിൽ 3,18,500/- രൂപ ചെലവഴിക്കാതെയും തിരിച്ചടക്കാതെയും സൂക്ഷിക്കുന്നതിനുള്ള കാരണം ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിലും വ്യക്തമാക്കിയിട്ടില്ല. ആകയാൽ ഈയിനത്തിൽ ചെലവഴിക്കാതെ അക്കൗണ്ടിൽ മിച്ചം നിൽക്കുന്ന തുക തിരിച്ചടക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 മുൻകൂറായി അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി 2018-19 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂറായി തുക അനുവദിച്ചിരുന്നുവെങ്കിലും പദ്ധതിയുടെ പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേരും നമ്പരും | ചെലവഴിച്ച തുക | തുക കൈപ്പറ്റിയ ഏജൻസി | ട്രഷറി ബിൽ/ചെക്ക് നം./തീയതി |
|---|---|---|---|---|
| 1 | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (6/19) | 490000 | വാട്ടർ അതോറിറ്റി, ആലപ്പുഴ ഡിവിഷൻ | 29/25.10.18 |
| 2 | എസ്.പി.സി. (70/19) | 50000 | ബദനി ബാലികാമഠം, നങ്ങ്യാർകുളങ്ങര | ചെക്ക് നം. 967829/06.04.18 |

പൈപ്പ്ലൈൻ നീട്ടലുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി പഞ്ചായത്തുമായി വച്ച കരാർ പ്രകാരം പ്രവൃത്തിയുടെ നിർവ്വഹണ കാലയളവ് 6 മാസമായിരുന്നു. പദ്ധതിയുടെ പൂർത്തീകരണ കാലയളവിനുശേഷവും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാതിരിക്കുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/5.3.2020) "പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചതായി" സെക്രട്ടറി മറുപടി നൽകി. പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചെലവു തുകയായ 5,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരണവിവരം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം -അപാകതകൾ

കെഎൽ 29 ജി 9427 രജിസ്ട്രേഷനോടു കൂടിയ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ കാലാവധി 27/12/19 ൽ അവസാനിച്ചെങ്കിലും പിന്നീട് ടി ടെസ്റ്റ് നടത്തിയിട്ടില്ല.

2) ഇന്ധനത്തേയും, അറ്റകുറ്റപ്പണിയേയും സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ ചേർത്ത്

സൂക്ഷിക്കുന്നില്ല.

3) അതാതു മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വാഹനത്തിൽ യാത്ര നടത്തിയ ഉദ്യോഗസ്ഥൻ ഒപ്പിടേണ്ട ലോഗ് ബുക്കിലെ കോളങ്ങൾ പല ദിവസങ്ങളിലും ഒഴിഞ്ഞു കിടക്കുന്നു.

ടി അപാകതകൾ ബോദ്ധ്യപ്പെട്ടതായും, ഈ അപാകതകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-33 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

ചേപ്പാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് 05.3.2020-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7), ഐ.സി.ഡി.എസ്.സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.

കെട്ടിടം - ചേപ്പാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 22 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നുണ്ട്. അതിൽ 17 എണ്ണം സ്വന്തം കെട്ടിടത്തിലും, 5 എണ്ണം വാടകകെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്.

കുടിവെള്ളം- സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്കും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

ടോയ്‌ലെറ്റ്- ടോയ്‌ലെറ്റ് സൗകര്യം എല്ലാ അങ്കണവാടികൾക്കും ഉണ്ട്. നിലവിൽ ബേബി ഫ്രണ്ട് ലി ടോയ്‌ലെറ്റ് ഒരു അങ്കണവാടിയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

വൈദ്യുതി- 22 അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- 9 അങ്കണവാടികൾക്ക് പൂർണ്ണമായും, 7 അങ്കണവാടികൾക്ക് ഭാഗികമായും ചുറ്റുമതിൽ ഉണ്ട്. ബാക്കിയുള്ള 6 എണ്ണത്തിന് ചുറ്റുമതിൽ ഇല്ല.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സ്റ്റോർ റൂം സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അസിസ്റ്റന്റ് എഞ്ചിനീയർ അൺഫിറ്റാണെന്ന് കാണിച്ച് 3 അങ്കണവാടികൾ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബാക്കിയുള്ള 19 കെട്ടിടങ്ങൾക്കും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

പ്രവേശനോത്സവം - എല്ലാ വർഷവും ജൂൺ ഒന്നിനും നവംബർ ഒന്നിനും (രണ്ട് തവണ) അങ്കണവാടികളിൽ പ്രവേശനോത്സവം നടത്താറുണ്ട്.

പുനരുദ്ധാരണം. - 2019-20-ൽ പ്രളയഫണ്ട് ഉപയോഗപ്പെടുത്തി മുഴുവൻ അങ്കണവാടികളുടേയും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമെങ്കിലും 5 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ശ്രദ്ധ ചെലുത്തേണ്ട വിഷയങ്ങളാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണത്തിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-34 ലൈഫ്-ഭവനനിർമ്മാണം-നിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ആദ്യ ഗഡു തുകകൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

| | |
|---|---|
| 1 | അപ്പുകുട്ടൻ നായർ, ഗീതാഞ്ജലി വാർഡ്-10 |
| 2 | രാജേഷ്,കൊട്ടാരത്തിൽ വടക്കതിൽ W-8 |
| 3 | വിജയമ്മ, ഒറ്റപ്ലാമൂട്ടിൽ W-3 |
| 4 | സുജാത, സുധി ഭവനം-W-7 |

ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-35 പാലിയേറ്റീവ് കെയർ-5548/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം-15/19 പാലിയേറ്റീവ് കെയർ പ്രോജക്റ്റ് പ്രകാരം 130,055/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിരുന്നു. (പ്രൊസീഡിംഗ്സ് നം-156 തീ.13-12-18) എന്നാൽ ഓഡിറ്റ് നടക്കുന്ന സമയം വരെയും 5548/- രൂപയുടെ മരുന്ന് സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

### 1-36 വീട് പുനരുദ്ധാരണം - മൂല്യനിർണ്ണയസാക്ഷ്യപത്രമില്ലാതെ ആനുകൂല്യം നൽകി

വീട് പുനരുദ്ധാരണത്തിനായുള്ള S0124/19 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി ശ്രീമതി ഓമനയമ്മ, ലക്ഷ്മി തോപ്പിൽ, ചേപ്പാട് എന്നയാൾക്ക് 25000/- രൂപ (ബിൽ നമ്പർ 7/18-19 തീ. 18.6.18) വി.ഇ.ഒ. ആനുകൂല്യം നൽകിയിരുന്നു. എന്നാൽ സ.ഉ.(കൈ) നം. 22/18 തസ്വഭവ തീ. 14.2.18 ലെ ഉത്തരവിലെ ഖ. 6.7.6 ൽ നിഷ്കർഷിക്കും പ്രകാരം ഫയലിനൊപ്പം എസ്റ്റിമേറ്റ്, വീടിന്റെ കാലപ്പഴക്കം കാണിക്കുന്ന സർട്ടിഫിക്കറ്റ്, മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് എന്നിവ ഇല്ലാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ആവശ്യമായ രേഖകൾ ഇല്ലാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 24/9.11.19 നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വീട് പുനരുദ്ധാരണം സംബന്ധിച്ച എസ്റ്റിമേറ്റ്, വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം, വീട് പുനരുദ്ധാരണത്തിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-37 അഗതി ആശ്രയ ഭവനനിർമ്മാണം - വസ്തുനികുതി നിർണ്ണയിച്ചതിന്റെ രേഖ ലഭ്യമാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ അഗതി ആശ്രയ (ജനറൽ) പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നമ്പർ – S0126/19) ഭവനനിർമ്മാണം പൂർത്തീകരിച്ച ശ്രീ.സനൽകുമാർ, ഇടയിലേവീട്, നങ്ങ്യാർകുളങ്ങര എന്ന ഗുണഭോക്താവ് ചെലവ് രേഖകൾപ്പം പുതിയതായി നിർമ്മിച്ച വീടിന്റെ വസ്തു നികുതി നിർണ്ണയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താവിന്റ ഫയലിനൊപ്പം ഹാജരാക്കിയ വസ്തുനികുതി നിർണ്ണയ പത്രിക ടിയാന്റെ ഉടമസ്ഥതയിൽ 427 A നമ്പരായി 55 ച.മീറ്റർ തറ വിസ്തീർണ്ണവും 15 വർഷത്തിൽ താഴെ

പഴക്കമുള്ളതും കോൺക്രീറ്റ് മേൽക്കൂരയോടും കൂടിയുള്ള പഴയ വീടിന്റേതാണ്. പുതിയ വീട് നിർമ്മിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം 23 ന് വസ്തുനികുതി നിർണ്ണയം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതാണെന്നറിയിച്ചു. രേഖകൾ ലഭ്യമാക്കുന്നത് വരെ 1,25,000/- രൂപ തടസ്സപ്പെടുത്തുന്നു.

ബിൽ നമ്പർ - 6/18-19 തീ.18.5.18 – 1,25,000/- (വികസനഫണ്ട് - പൊതുവിഭാഗം)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 നികുതി പരിഷ്കരിച്ചപ്പോൾ അസംബ്ലി ഹാളിനെ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കി

സഞ്ചയ ഡേറ്റാബേസിലെ നികുതി പരിഷ്കരണത്തിന്റെ വിവരം ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. ആരാധനാലയങ്ങൾ എന്നനിലക്ക് നികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കപ്പെട്ട 2/126 എന്ന കെട്ടിടത്തിന്റ ഉപയോഗക്രമം സഞ്ചയ ഫോറം-6 പ്രകാരം "ഓഫീസ്-എസ്.എൻ.ഡി.പി ഹാൾ "എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കെട്ടിടത്തിന്റെ വാർഷിക വാടകമൂല്യം (ARV) അടിസ്ഥാനമാക്കിയിരുന്നപ്പോഴുള്ള വസ്തുനികുതി 87 രൂപയായിരുന്നു. നികുതി ബാധ്യതയുണ്ടായിരുന്ന കെട്ടിടത്തെ *ആരാധനാലയം* എന്നതരത്തിൽ സഞ്ചയ ഡേറ്റാബേസിൽ രേഖപ്പെടുത്തി നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കി. ഇപ്രകാരം നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കിയ സാഹചര്യം വ്യക്തമല്ല. 2013 മുതലാണ് വസ്തുനികുതി പരിഷ്കരിച്ചിരിക്കുന്നത്. കെട്ടിടം "അസംബ്ലിഹാൾ "എന്ന നിലക്ക് നികുതിപരിഷ്കരണം നടത്തേണ്ട സ്ഥാനത്താണ് കെട്ടിടത്തെ ഒഴിവാക്കിയത്. അസംബ്ലി ഹാൾ എന്ന നിലക്കു നികുതി പരിഷ്കരണം നടത്താതിരുന്നതുമൂലമുള്ള വാർഷിക നികുതി നഷ്ടം 8360 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | സെക്രട്ടറി,എസ്സ്.എൻ.ഡി.പി ശാഖായോഗം, മുട്ടം |
| കെട്ടിട നമ്പർ -പരിഷ്കരണത്തിന് മുൻപ് | 7/293 A |
| കെട്ടിട നമ്പർ -പരിഷ്കരണത്തിന് ശേഷം | 2/126 |
| തറവിസ്തൃതി | 209 ച.മീ |
| മേഖല | പ്രഥമ മേഖല |
| റോഡ് | 5 മീറ്ററിലധികം വിസ്തൃതി |
| കാലപ്പഴക്കം | 12 വർഷം |
| മേൽക്കൂര | ഷീറ്റ് |

| | |
|---|---|
| ചുമത്തേണ്ട നികുതി<br>@40/ ച.മീ(അസംബ്ലി ഹാൾ ) | 209x40=8360<br>വർദ്ധവനവ്- 5 മീറ്ററിലധികം വിസ്തൃതിയുള്ള റോഡിൽ നിന്നും പ്രവേശന<br>മാർഗ്ഗം 20 %=1672<br>ഇളവ്-കുറഞ്ഞമേൽക്കൂര-10%=836<br>കാലപ്പഴക്കം 12 വർഷം -10%=836<br>വസ്തുനികുതി-8360<br>ലൈ.സെസ്സ്-418 |

മേൽ അപാകം 07-03-2020 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ- 21) മുഖാന്തിരം സെക്രട്ടറിയെ അറിയിക്കുകയും മറുപടി ലഭ്യമാക്കുകയും ചെയ്തു. മറുപടിയിൽ ടി സഞ്ചയ ഡേറ്റാബേസിലെ തെറ്റ് തിരുത്തി നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അപാകം പരിഹരിച്ച് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 2-2 തെറ്റായ നികുതി നിരക്ക് ചുമത്തി- പഞ്ചായത്ത് ഫണ്ടിന് 9210 രൂപയുടെ വാർഷിക നികുതി നഷ്ടം

2011 ലെ കേരള പഞ്ചയത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 40 രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60രൂപയും ആയിനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ താഴെ പറയുന്ന വാണിജ്യാവശ്യകെട്ടിടങ്ങളുടെ വിസ്തൃതി 100 ച.മീറ്ററിന് മുകളിലായിരുന്നിട്ടും 100 ച.മീറ്ററിന് താഴെയുള്ള നിരക്കാണ് ചുമത്തിയത് .ഇത് പഞ്ചായത്ത് ഫണ്ടിന് 9210 രൂപയുടെ വാർഷിക നഷ്ടമുണ്ടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്<br>കെട്ടിടത്തിന്റെ നമ്പർ-<br>തറവിസ്തൃതി | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി@60/ച.മീ<br>ലൈ.സെസ് | ചുമത്തിയ വസ്തുനികുതി@40/ച.മീ.<br>ലൈ.സെസ് | വ്യത്യാസം |
|---|---|---|---|---|
| 1 | മെറീന മാത്യു, ഏവരേത്ത് കിഴക്കേതിൽ , ഏവൂർ നോർത്ത്, ചേപ്പാട്-<br>11/486<br>250 ച.മീ<br>2014- I | അടിസ്ഥാന വസ്തുനികുതി-15000<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-3000<br>വസ്തുനികുതി-18000<br>ലൈ.സെസ്സ്-900 | അടിസ്ഥാന വസ്തുനികുതി-10000<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-2000<br>വസ്തുനികുതി-12000<br>ലൈ.സെസ്സ്-600 | വസ്തുനികുതി-6000<br>ലൈ.സെസ്സ്-300 |
| 2* | രാജമ്മ പുതിയവീട്ടിൽ കിഴക്കതിൽ, മുട്ടം (4/430 A)<br>-107 ച.മീ<br>2016- I | അടിസ്ഥാന വസ്തുനികുതി-6420<br>മേൽക്കൂര-10%ഇളവ്-642<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)വർദ്ധനവ്-1284<br>വസ്തുനികുതി-7062<br>ലൈ.സെസ്സ്-354 | അടിസ്ഥാന വസ്തുനികുതി-4280<br>*ഇളവുകൾ-കാലപ്പഴക്കം 20%-856<br>മേൽക്കൂര-10%-428<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തൃതി)-856<br>വസ്തുനികുതി-3852<br>ലൈ.സെസ്സ്-193 | വസ്തുനികുതി-3210<br>ലൈ.സെസ്സ്-161 |
| ആകെ കുറവ് വന്ന വസ്തുനികുതി | | | | 9210 |
| ആകെ കുറവ് വന്ന ലൈ.സെസ്സ് | | | | 461 |

(*നികുതി പരിഷ്കരണമല്ലാതിരുന്നിട്ടും ക്രമ നം-2 ൽ ഉൾപ്പെടുന്ന വസ്തുനികുതി നിർണ്ണയത്തിന് 20 % കാലപ്പഴക്കത്തിനുള്ള ഇളവ് എപ്രകാരമാണ് കണക്കാക്കിയതെന്ന് വ്യക്തമല്ല. ഈ ഇളവ് നൽകാതെയാണ് മേൽ പട്ടിക തയ്യാറാക്കിയത്)

വസ്തുനികുതിയും ലൈബ്രറി സെസ്സും നിർണ്ണയിച്ചതിൽ ഉണ്ടായ അപാകം 06-03-2020 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ- 10) മുഖാന്തിരം സെക്രട്ടറിയെ അറിയിക്കുകയും മറുപടി ലഭ്യമാക്കുകയും ചെയ്തു. മറുപടിയിൽ അപാകം പരിഹരിച്ച് നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്നറിയിച്ചു. അപാകം പരിഹരിച്ച് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 2-3 ഒരു കെട്ടിടത്തിൽ വിവിധ കെട്ടിടനമ്പറുകൾ അനുവദിച്ച് നികുതി ചുമത്തുമ്പോൾ അകെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ. പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 40 രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60രൂപയും ആയിനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ 2018-19 വർഷം നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടം (ആകെ വിസ്തൃതി -250.05 ച.മീ) ഉടമയുടെ ആവശ്യപ്രകാരം വിവിധ നമ്പരിട്ടുനൽകുകയും ബാധകമായ നികുതി 100 ച.മീറ്ററിന് താഴെയുള്ള നിരക്ക് ചുമത്തുകയും ചെയ്തിട്ടുണ്ട്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല.ഈ കെട്ടിടത്തിന്റെ വസ്തുനികുതിയിൽ തന്നെ 6000 രൂപയുടെ വാർഷിക നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. നികുതി നഷ്ടം ഉണ്ടായതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര്<br>കെട്ടിടത്തിന്റെ നമ്പർ- തറവിസ്തൃതി | ആകെ തറവിസ്തൃതി | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി@60/ച.മീ<br>ലൈ.സെസ് | ചുമത്തിയ വസ്തുനികുതി@40/ച.മീ.<br>ലൈ.സെസ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | ദിവാകരൻ<br>സുരേഷ് ഭവനം,മുട്ടം<br>3/540 A<br>22.18 ച.മീ | **250.05 ച.മീറ്റർ** | അടിസ്ഥാന വസ്തുനികുതി-1330.8<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തതി)-266.16<br>വസ്തുനികുതി-1597<br>ലൈ.സെസ്സ്-80 | അടിസ്ഥാന വസ്തുനികുതി-887.2<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തതി)-177.44<br>വസ്തുനികുതി-1065<br>ലൈ.സെസ്സ്-54 | വസ്തുനികുതി-532<br>ലൈ.സെസ്സ്-26 |
| 2 | 3/540 B<br>18.48 ച.മീ | | അടിസ്ഥാന വസ്തുനികുതി-1108.8<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തതി)-221.76<br>വസ്തുനികുതി-1331<br>ലൈ.സെസ്സ്-67 | അടിസ്ഥാന വസ്തുനികുതി-739.2<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തതി)-147.84<br>വസ്തുനികുതി-888<br>ലൈ.സെസ്സ്-45 | വസ്തുനികുതി-443<br>ലൈ.സെസ്സ്-22 |
| 3 | 3/540 C | | അടിസ്ഥാന വസ്തുനികുതി-1164 | അടിസ്ഥാന വസ്തുനികുതി-776 | വസ്തുനികുതി-465 |

| | | | | | |
|---|---|---|---|---|---|
| | 19.4 ച.മീ | | റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തതി)-232.8<br>വസ്തുനികുതി-1397<br>ലൈ.സെസ്സ്-70 | റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തതി)-155.2<br>വസ്തുനികുതി-932<br>ലൈ.സെസ്സ്-47 | ലൈ.സെസ്സ്-23 |
| 4 | 3/540 D<br>104.37 ച.മീ | | അടിസ്ഥാന വസ്തുനികുതി-6262.2<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തതി)-1252.44<br>വസ്തുനികുതി-7515<br>ലൈ.സെസ്സ്-376 | അടിസ്ഥാന വസ്തുനികുതി-4174.8<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തതി)-834.96<br>വസ്തുനികുതി-5010<br>ലൈ.സെസ്സ്-251 | വസ്തുനികുതി-2505<br>ലൈ.സെസ്സ്-125 |
| 5 | 3/540 E<br>85.62 ച.മീ | | അടിസ്ഥാന വസ്തുനികുതി-5137.2<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തതി)-1027.44<br>വസ്തുനികുതി-6165<br>ലൈ.സെസ്സ്-309 | അടിസ്ഥാന വസ്തുനികുതി-3424.8<br>റോഡ് സൌകര്യം (5മീറ്ററിന് മുകളിൽ വിസ്തതി)-684.96<br>വസ്തുനികുതി-4110<br>ലൈ.സെസ്സ്-206 | വസ്തുനികുതി-2055<br>ലൈ.സെസ്സ്-103 |
| ആകെ കുറവ് വന്ന വസ്തുനികുതി- 6000<br>ആകെ കുറവ് വന്ന ലൈ.സെസ്സ്-299 | | | | | |

വസ്തുനികുതിയും ലൈബ്രറി സെസ്സും നിർണ്ണയിച്ചതിൽ ഉണ്ടായ അപാകം 07-03-2020 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ- 18) മുഖാന്തിരം സെക്രട്ടറിയെ അറിയിക്കുകയും മറുപടി ലഭ്യമാക്കുകയും ചെയ്തു. മറുപടിയിൽ അപാകം പരിഹരിച്ച് നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്നറിയിച്ചു. അപാകം പരിഹരിച്ച് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ സമാനരീതിയിൽ നികുതിനിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതിനിർണ്ണയത്തിലുണ്ടായ പിശകുകളും പരിഹരിച്ച് നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1256600 | ലൈഫ് പദ്ധതി-ഭവനനിർമ്മാണം- ജനറൽ | 1256600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ലൈഫ് പദ്ധതി-ഭവനനിർമ്മാണം(SC) | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 850000 | സമഗ്ര നെൽകൃഷിവികസനം- വിരിപ്പ്/പുഞ്ച നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 850000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 38700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 34700 | 4000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 307860 | ലൈഫ് പദ്ധതി-ഭവനനിർമ്മാണം- ജനറൽ | 305600 | 2260 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അനപൂരക പോഷകാഹാരവിതരണം-അങ്കണവാടികളിൽ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 327933 | ലൈഫ് ഭവനനിർമ്മാണം (എസ്സ്.സി) | 0 | 327933 |

### 4-2 ഡെപ്പോസിറ്റ്പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 29 23-10-2018 | 4,90,000 | 0 | 4,90,000 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി | 19,27,28,33,37,44,49 (18-19) | 295822 | 295822 | 0 |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കൽ | | | | |
| കെഎസ്സ്ഇബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 38/18-19 | 356474 | 356474 | 0 |
| KREWS | തെരുവ് വിളക്ക്-LED ലൈറ്റ് സ്ഥാപിക്കൽ | 35/18-19 | 576449 | 576449 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മരാമത്ത് പ്രവർത്തികൾക്കായി മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം | ജി.ഒ(എം.എസ്) 68/2018/തസ്വഭവ 18-05-2018 ജി.ഒ(എം.എസ്) 111/2018/തസ്വഭവ 13-08-2018 | 4960715 | | - | - | 4960715 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാനവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2-1 | 2017-18 | 2-1 | സ്റ്റാർ ഹോട്ടലിന്റെ നികുതി കുടിശ്ശിക | UA നമ്പർ നൽകിയത് ഒഴികെയുള്ള കെട്ടിടങ്ങളുടെ 2018-19 വരെയുള്ള നികുതി ഒടുക്കിയിട്ടുണ്ട്. |

## 4-8 ചാർജ് സർച്ചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 87839612 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,83,47,474 |
| വരവിനങ്ങളിലുള്ള നഷ്ടം | 23,570 |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,68,361 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8360 | | നിഷ.എൻ.തയ്യിൽ, സെക്രട്ടറി |

| | | | |
|---|---|---|---|
| 2-2 (1) | 6000 | | നിഷ.എൻ.തയ്യിൽ, സെക്രട്ടറി |
| 2-2 (2) | 3210 | | ഉല്ലാസ് കുമാർ.റ്റി, സെക്രട്ടറി |
| 2-3 | 6000 | | നിഷ.എൻ.തയ്യിൽ, സെക്രട്ടറി |
| ആകെ | 23570 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|
| 1-28 | 278361 | ഡോ.ഐശ്വര്യ ബാബു, വെറ്ററിനറി സർജൻ |
| 1-31 | 540000 | നിഷ.എൻ.തയ്യിൽ, സെക്രട്ടറി & ഉല്ലാസ് കുമാർ.റ്റി, സെക്രട്ടറി |
| 1-36 | 25000 | ഗിരീഷ്. എസ്, വി.ഇ.ഒ |
| 1-37 | 125000 | ഗിരീഷ്. എസ്, വി.ഇ.ഒ |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
കേരള സംസ്ഥാന ലൈബ്രറി കൌൺസിലിനുണ്ടായ നഷ്ടം

| ഖണ്ഡിക നം | തുക |
|---|---|
| 2-1 | 418 |
| 2-2 | 461 |
| 2-3 | 299 |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉല്ലാസ് കുമാർ. റ്റി, സെക്രട്ടറി | സെക്രട്ടറി,തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | മണിമന്ദിരം താമല്ലാക്കൽ |
| നിഷ.എൻ.തയ്യിൽ, സെക്രട്ടറി | സെക്രട്ടറി ചേപ്പാട് ഗ്രാമപഞ്ചായത്ത് | ഇന്ദുഭം, വെട്ടുവേനി,ഹരിപ്പാട് |
| ഡോ.ഐശ്വര്യ ബാബു, വെറ്ററിനറി സർജൻ | ചേപ്പാട് ഗ്രാമപഞ്ചായത്ത് | ചുട്ടേത്ത് ഹൌസ്, വള്ളികുന്നം പി.ഒ, മാവേലിക്കര |
| ഗിരീഷ്.എസ്, വി.ഇ.ഒ | വി.ഇ.ഒ-മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് | ഹരിസദനം,മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് മാവേലിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2002-03 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2003-04 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2004-05 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |
| 2005-06 | എൽ.എഫ്.ജി.എ5-1832/11 തീയതി 28.01.12 |

| | |
|---|---|
| 2006-07 | എൽ.എഫ്.ജി.എ5-1577/14, തീയതി 15.05.2014 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | എൽ.എഫ്.എ.പി4-496/13, തീയതി 12.08.2013 |
| 2011-12 | |
| 2012-13 | എൽ.എഫ്.എ-പി4-145/15, തീയതി 12.03.2015 |
| 2013-14 | കെ.എസ്.എ-എൽ.പി-പി4-1344/15, തീയതി 20.11.2015 |
| 2014-15 | |
| 2015-16 | കെ.എസ്.എ-എൽ.പി-പി4-1338/16 തീയതി 14.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി.4-882/2017/06.07.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി.4-10/2019/04.01.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം.2**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ